വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സ്വകാര്യ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇങ്ങനൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

മത്സ്യ തൊഴിലാളികളുടെ കൈവശഭൂമിക്ക് പട്ടയം

14 (*421) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീമതി ജെ. മെഴ്സികുട്ടിയമ്മ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന തീരദേശവാസികളായ മത്സ്യത്തൊഴിലാളികളുടെ കൈവശ ഭൂമിയ്ക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പട്ടയത്തിന് അർഹരായ തീരദേശവാസികളായ മത്സ്യത്തൊഴിലാളികൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) തീരദേശവാസികളായ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം വിതരണം ചെയ്യാനുള്ള നടപടികൾ മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ ;

(ഡി) കൈവശ ഭൂമിയ്ക്ക് പട്ടയം ലഭിക്കാത്തതിനാൽ മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിന് തടസ്സം നേരിടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ;

(ഇ) പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താൻ ഉദ്ദേശമുണ്ടോ ;

(എഫ്) എങ്കിൽ അടുത്ത ഒരു വർഷത്തിനകം എത്ര മത്സ്യത്തൊഴിലാളികൾക്ക് കൈവശ ഭൂമിക്ക് പട്ടയം നൽകാനാവുമെന്ന് വെളിപ്പെടുത്തുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ ഇ. ഇസ്മയിൽ) :

(എ) 29-12-1999-ൽ റവന്യൂ വകുപ്പുമന്ത്രി, ഫിഷറീസ് വകുപ്പുമന്ത്രി, തുറമുഖ വകുപ്പുമന്ത്രി, ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിമാർ, ഡയറക്ടർമാർ എന്നിവർ ഒരു യോഗം ചേരുകയും ഈ വിഷയം വിശദമായി ചർച്ച ചെയ്ത് ചുവടെ ചേർക്കുന്ന തീരുമാനം കൈക്കൊള്ളുകയുമുണ്ടായി.

1. മത്സ്യത്തൊഴിലാളികളുടെ കൈവശമുള്ളതും സർവ്വേ നടത്താത്തതുമായ ഭൂമി ഉടൻ സർവ്വേ നടത്തി സർവ്വേ നമ്പർ നൽകും.

2. തീരപ്രദേശത്തുള്ള സർക്കാർ പുറംപോക്ക് ഭൂമിക്ക് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി പട്ടയം നൽകും.

LIBRARY ARCHIVES Kerala Legislative Assembly

3. ഫിഷറീസ് വകുപ്പിന്റെ അധീനതയിൽപ്പെട്ടതും, മത്സ്യത്തൊഴിലാളികളുടെ കൈവശത്തിലുള്ളതുമായ സ്ഥലത്തിന് ഫിഷറീസ് വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകും.

4. തുറമുഖ വകുപ്പിന്റെ സ്ഥലം മത്സ്യത്തൊഴിലാളികളുടെ കൈവശത്തിലാണെങ്കിലും വിജ്ഞാപനം ചെയ്യപ്പെട്ടതായ സ്ഥലം പട്ടയം നൽകാൻ പാടില്ല. തുറമുഖ വകുപ്പ് തുറമുഖ സ്ഥലമെന്ന് വിജ്ഞാപനം ചെയ്യപ്പെട്ട സ്ഥലത്തെ സംബന്ധിച്ച് സർവ്വേ നമ്പറും സ്കെച്ചും സഹിതം ജില്ലാ കളക്ടറെ അറിയിക്കേണ്ടതാണ്. വിജ്ഞാപിത സ്ഥലത്തിന് പുറത്തുള്ള കൈവശ സ്ഥലങ്ങൾക്കുള്ള അപേക്ഷകളിന്മേൽ ഫിഷറീസ് വകുപ്പിന്റെയും തുറമുഖ വകുപ്പിന്റെയും തടസ്സവാദങ്ങൾ കണക്കിലെടുത്തശേഷം ജില്ലാ കളക്ടർ ഉചിതമായ തീർപ്പു കൽപ്പിക്കുന്നതാണ്.

(5) പട്ടയം നൽകുന്നതിന് സാങ്കേതിക തടസ്സമുള്ള കേസുകളിൽ കൈവശരേഖ നൽകുന്നതാണ്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) . ത്വരിതനടപടി സ്വീകരിക്കുന്നുണ്ട്.

(എഫ്) അർഹരായ എല്ലാപേർക്കും ഒരു വർഷത്തിനകം പട്ടയം നൽകുകയെന്നതാണ് സർക്കാർ നയം.

സാമൂഹ്യക്ഷേമ വകുപ്പിന്റെ പരിപാടികൾക്കുള്ള ലോകബാങ്ക് സഹായം

15 (*422) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ പരിപാടികൾക്കുവേണ്ടി ലോകബാങ്ക് എന്തെല്ലാം സഹായം നൽകുന്നുണ്ട് ;

(ബി) ഏതെല്ലാം പരിപാടികൾക്കാണ് സഹായം നൽകുന്നത് ;

(സി) അവർ നൽകുന്ന തുക ഗ്രാന്റായിട്ടാണോ ലോൺ ആയിട്ടാണോ എന്ന് വിശദീകരിക്കുമോ ;

(ഡി) ഇത് വായ്പയാണെങ്കിൽ എന്ത് വ്യവസ്ഥകളിലാണ് അനുവദിച്ചിട്ടുള്ളത് ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക ഇപ്രകാരം ലോകബാങ്കിൽ നിന്നും ലഭിച്ചു ;

(എഫ്) ഇന്റഗ്രേറ്റഡ് ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ടുകളിലൂടെ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly